**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625** **09-08-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രവർത്തനം നിർത്തിയ യൂണിറ്റുകൾ റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കൈപ്പറമ്പ് പഞ്ചായത്തിലെ അയ്യങ്കുന്ന്, വേളക്കോട് വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തനം നിർത്തിയ യൂണിറ്റുകൾ റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കോടതി കേസ് നിലവിലുള്ള വ്യവസായ യൂണിറ്റുകൾ മാത്രമാണ് അയ്യൻകുന്ന് വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കാതെ കിടക്കുന്നത്. കോടതി കേസ് നിലവിലുള്ളതിനാൽ പ്രസ്തുത ഭൂമി റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സാധ്യമാകുന്നില്ല. വേളക്കോട് വ്യവസായ വികസന പ്ലോട്ടിലെ എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | കോടതി, നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ